ICPS4(B)/16226/16

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി: 05/08/2016

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ്-ICPS- ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് സ്പോൺസർഷിപ്പ് പദ്ധതിക്ക് ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ ഉത്തരവ് ICPS4(B)/20867/15 തീയതി 21/07/2015

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ നടപ്പിൽ വരുത്തുന്ന സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം മേൽ സൂചന പ്രകാരം 2,50,000/- രൂപ വീതം ആകെ 5,00,000/- രൂപ ഓരോ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്കും അനുവദിച്ചിരുന്നു. എന്നാൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ സ്പോൺസർഷിപ്പ് പദ്ധതി വളരെ വിപുലമായ രീതിയിൽ നടപ്പിൽ വരുത്തുകയും ഫോസ്റ്റർ കെയർ പദ്ധതി നടപ്പിലാക്കുന്നതിന് അത്രയും തുക ആവശ്യമില്ലാത്തതുമായ സാഹചര്യത്തിൽ ഫോസ്റ്റർ കെയർ പദ്ധതിക്ക് അനുവദിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുക സ്പോൺസർഷിപ്പ് പദ്ധതിക്കും വിനിയോഗിക്കാവുന്നതാണ്.

നടപ്പ് സാമ്പത്തിക വർഷം സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ പദ്ധതികളുടെ ആവശ്യങ്ങൾക്കായി അധിക തുക ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ (SCPS) കാര്യാലയത്തിൽ ഉചിതമായ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:

1.ICPS 4

2.സ്റ്റോക്ക് ഫയൽ